# നാറാണംമൂഴി ഗ്രാമപഞ്ചായത്ത് കാര്യാലയം

**നാറാണംമൂഴി പി ഒ, അത്തിക്കയം, പിൻ-689711**

**പത്തനംതിട്ട ജില്ല , ഫോൺ നം 04735-270228**

GSTIN-32AAALN2174N1ZX

**1854830-2026** തീയതി-01/09/2026

## ലേല നോട്ടീസ്.

മാന്യരെ,

നാറാണംമൂഴി ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള അടിച്ചിപ്പുഴ അഗ്രോസെൻറർ കെട്ടിടം പൂർണ്ണമായും പൊളിച്ചു മാറ്റി കെട്ടിടാവശിഷ്ടങ്ങൾ സൈറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അവകാശം സെപ്തംബർ മാസം 8-ാം തീയതി ചൊവ്വാഴ്ച്ച പകൽ 11.30 മണിക്ക് ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് പരസ്യമായി ലേലം ചെയ്തുകൊടുക്കുന്നതാണ്.

മതിപ്പ വില - 2276 + 18 %G S T

### ലേലവ്യവസ്ഥകൾ

1. നിലവിലുള്ള ജീർണാവസ്ഥയിലുള്ള കെട്ടിടം അടിത്തറ ഉൾപ്പെടെയുള്ള കെട്ടിടാവശിഷ്ടങ്ങൾ പൂർണ്ണമായും പൊളിച്ചുനീക്കി, ലഭിക്കുന്ന എല്ലാ അവശിഷ്ടങ്ങളും സൈറ്റിൽ നിന്ന് പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്.

2. കെട്ടിടം പൊളിച്ചുനീക്കുന്ന പ്രവൃത്തിയുടെ ഭാഗമായി നിലവിലുള്ള ഗ്രൗണ്ട് ലെവലിലെ മണ്ണ് അനാവശ്യമായി നീക്കം ചെയ്യുകയോ കുഴിച്ചെടുക്കുകയോ ചെയ്യാൻ പാടുള്ളതല്ല. സൈറ്റിലെ നിലവിലുള്ള മണ്ണിന്റെ സ്വാഭാവിക നില പരമാവധി സംരക്ഷിക്കേണ്ടതാണ്.

3. കെട്ടിടം പൊളിച്ചുനീക്കുന്ന പ്രവൃത്തിയുടെ ഭാഗമായി സമീപവാസികളുടെ വീടുകൾക്കോ സ്വത്തുക്കൾക്കോ പൊതുസ്ഥാപനങ്ങൾക്കോ യാതൊരു വിധത്തിലുള്ള നാശനഷ്ടവും സംഭവിക്കാത്തവിധം ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. സമീപവാസികൾക്കും പൊതുജനങ്ങൾക്കും അപകടമോ അനാവശ്യ ബുദ്ധിമുട്ടുകളോ ഉണ്ടാകുന്ന രീതിയിൽ പ്രവൃത്തി നടത്താൻ പാടുള്ളതല്ല.

4. കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ സമീപത്തെ റോഡിലേക്കോ റോഡിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും അപകടമുണ്ടാകുന്ന രീതിയിലോ വീഴാൻ അനുവദിക്കരുത്. റോഡിനും റോഡിലൂടെ കടന്നുപോകുന്ന വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയ ശേഷമേ കെട്ടിടം പൊളിച്ചുനീക്കൽ നടത്താവൂ. കൂടാതെ കെട്ടിടം പൊളിച്ചുനീക്കുന്ന സമയത്ത് തൊഴിലാളികളുടെ സുരക്ഷയും സമീപപ്രദേശത്തുള്ള പൊതുജനങ്ങളുടെ സുരക്ഷയും ആവശ്യമായ എല്ലാ മുൻകരുതലുകളും ലേലക്കാരൻ സ്വീകരിക്കേണ്ടതാണ്.

5. പൊളിച്ചുനീക്കൽ പ്രവൃത്തിക്കിടെ പൊടി, കല്ല്, കോൺക്രീറ്റ് കഷണങ്ങൾ, ഇരുമ്പ്/മറ്റ് അവശിഷ്ടങ്ങൾ എന്നിവ സമീപപ്രദേശത്തേക്കോ റോഡിലേക്കോ തെറിച്ചുവീഴാതിരിക്കുന്നതിനുള്ള ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ലേലക്കാരൻ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

6. കെട്ടിടം പൊളിച്ചുനീക്കുന്ന പ്രധാന പ്രവൃത്തികൾ LSGD Engineer / ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലും മേൽനോട്ടത്തിലും മാത്രമേ നടത്താവൂ. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ ലേലക്കാരൻ കർശനമായി പാലിക്കേണ്ടതാണ്.

7. ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടം പൊളിച്ചുനീക്കൽ, അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ എന്നിവയ്ക്ക് പുറമെ സൈറ്റിൽ മണ്ണ് കുഴിച്ചെടുക്കൽ, മണ്ണ് നീക്കം ചെയ്യൽ, ഭൂമിയുടെ സ്വഭാവം മാറ്റുന്ന പ്രവൃത്തികൾ തുടങ്ങിയവ ഗ്രാമപഞ്ചായത്തിന്റെ/ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയില്ലാതെ നടത്താൻ പാടുള്ളതല്ല.

8. കെട്ടിടം പൊളിച്ചുനീക്കുന്ന പ്രവൃത്തിക്കിടെ സമീപവാസികൾക്കോ പൊതുജനങ്ങൾക്കോ റോഡിനോ വാഹനങ്ങൾക്കോ വൈദ്യുതി/ടെലിഫോൺ/വാട്ടർ ലൈൻ ഉൾപ്പെടെയുള്ള പൊതുസൗകര്യങ്ങൾക്കോ ഉണ്ടാകുന്ന ഏതെങ്കിലും നാശനഷ്ടങ്ങൾക്ക് ലേലക്കാരൻ പൂർണ്ണമായും ഉത്തരവാദിയായിരിക്കും. അത്തരം നാശനഷ്ടങ്ങൾ സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്.

9. കെട്ടിടം പൊളിച്ചുനീക്കിയ ശേഷം സൈറ്റിൽ കെട്ടിടാവശിഷ്ടങ്ങൾ, കോൺക്രീറ്റ് കഷണങ്ങൾ, മരക്കഷണങ്ങൾ, ഇരുമ്പ് തുടങ്ങിയവ അവശേഷിക്കാതെ പൂർണ്ണമായും നീക്കം ചെയ്ത് സ്ഥലം വൃത്തിയാക്കി നൽകേണ്ടതാണ്.

10. പ്രവൃത്തിയുടെ സുരക്ഷിതമായ നിർവഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് അധികാരികളും LSGD Engineer/ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നൽകുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

11. മേൽപ്പറഞ്ഞ ഏതെങ്കിലും നിബന്ധനകൾ ലംഘിക്കുന്ന പക്ഷം ഗ്രാമപഞ്ചായത്തിന് ലേല നടപടികൾ റദ്ദാക്കുന്നതിനും ലേലക്കാരനിൽ നിന്ന് ഉണ്ടായ നാശനഷ്ടങ്ങളും മറ്റ് ചെലവുകളും ഈടാക്കുന്നതിനും നിയമാനുസൃതമായ മറ്റ് നടപടികൾ സ്വീകരിക്കുന്നതിനും അധികാരമുണ്ടായിരിക്കും.

12. ലേലതുക പൂർണ്ണമായും ലേലം അംഗീകരിക്കുന്ന ദിവസം തന്നെ ഒടുക്കു വരുത്തേണ്ടതാണ്.

13. ലേലം കൊള്ളുന്നവർ ലേല തുക കൂടാതെ 18 ശതമാനം ജി എസ് റ്റി കൂടി ഒടുക്കേണ്ടതാണ്.

14. ലേലം അംഗീകരിച്ചു കിട്ടുന്നവർ 200/- രൂപ മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

15. ലേലാവകാശം കൈമാറ്റം ചെയ്യുകയോ, മറിച്ചു നൽകുകയോ ചെയ്യാൻ പാടില്ല

16. ലേലനോട്ടീസ് പ്രകാരം ലേലത്തിൽ വച്ചിരിക്കുന്ന ഏതൊരു സംഗതിയും കാരണം കൂടാതെ ലേലം ചെയ്യാതിരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. പഞ്ചായത്തിൽ ഒടുക്കേണ്ട നികുതികൾ ,ഫീസുകൾ,വാടക എന്നിവ കുടിശ്ശികയുള്ളവർക്ക് ലേലത്തിൻ പങ്കെടുക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

18. നിരതദ്രവ്യം ഒടുക്കിയവർക്ക് മാത്രമെ ലേല ഹാളിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളു.

19. എറ്റവും കൂടുതൽ തുക വിളിക്കുന്ന ആളിൻറെ പേരിൽ ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്തിൻറെ അംഗീകാരത്തിനു വിധേയമായി തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

20. ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തിയ ശേഷം ലേലം അന്തിമമായി അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും അതിനോടനുബന്ധിച്ചുള്ള ചട്ടങ്ങളും ലേലം സംബന്ധിച്ചുള്ള മറ്റു പൊതു വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

22. ലേലം തക്കതായ കാരണങ്ങളാൽ മാറ്റി വയ്ക്കുന്നതിനോ, നിർത്തി വയ്ക്കുന്നതിനോ ഗ്രാമ പഞ്ചായത്തിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

23. ഏതെങ്കിലും കാരണവശാൽ ലേലദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്.

24. കാലാകാലങ്ങളിൽ കേരള സർക്കാർ, നാറാണംമൂഴി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും യഥാസമയം പാലിക്കേണ്ടതാണ്.

25. ലേല വ്യവസ്ഥകൾ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം നിരതദ്രവ്യം പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനും പുനർ ലേല നടപടകൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

26. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനിയർ ഓഫീസിൽ നിന്നോ പഞ്ചായത്ത് ഓഫീസിൽ നിന്നോ അറിയാവുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി
നാറാണംമൂഴി ഗ്രാമ പഞ്ചായത്ത്